# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1661 — 14.12.2012-ൽ മറുപടിക്ക്

### സമ്പൂർണ്ണ നിർമ്മൽ സംസ്ഥാനം

**ചോദ്യം**

ശ്രീ. സി.പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ
,, പി.സി. വിഷ്ണുനാഥ്
,, കെ. മുരളീധരൻ

എ) കേരളത്തെ സമ്പൂർണ്ണ നിർമ്മൽ സംസ്ഥാനമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

എ) കേരളത്തെ സമ്പൂർണ്ണ നിർമ്മൽ സംസ്ഥാനമാക്കി മാറ്റുന്നതിന് ചുവടെ പറയും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്

i. ഇനിയും നിർമ്മൽ ഗ്രാമ പുരസ്കാരം ലഭ്യമാകുവാനുള്ള ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പ്രത്യേക സംസ്ഥാനതല വർക്ക് ഷോപ്പ് 2012 മെയ് മാസത്തിൽ സംഘടിപ്പിച്ച് കർമ്മ പരിപാടി തയ്യാറാക്കി

ii. 21.06.2012 നും 25.06.2012 തിരുവനന്തപുരത്ത് വച്ച് ബഹു. കേന്ദ്ര ഗ്രാമവികസനകുടിവെള്ളവും ശുചിത്വവും മന്ത്രി, ബഹു. സംസ്ഥാന ഗ്രാമ വികസന വകുപ്പ് മന്ത്രി, ബഹു. സംസ്ഥാന പഞ്ചായത്ത് സാമൂഹ്യ ക്ഷേമ വകുപ്പ് മന്ത്രി, കേന്ദ്ര കുടിവെള്ളവും ശുചിത്വവും സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിൽ നിർമൽ പദവി ലഭ്യമാകുവാനുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമ വികസന കമ്മീഷണർ, ജില്ലാ കളക്ടർമാർ, സംസ്ഥാന ജില്ലാ തല ഉദ്യോഗസ്ഥർ, പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരുടെ പ്രത്യേക യോഗം ചേർന്ന് തുടർ പ്രവർത്തനം ആസുത്രണം ചെയ്യുകയുണ്ടായി.

iii. 2012 ആഗസ്റ്റ് 6–ാം തീയതി കേന്ദ്ര കുടിവെള്ളവും ശുചിത്വവും സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രവർത്തന അവലോകന യോഗം സംഘടിപ്പിച്ചു. ചീഫ് സെക്രട്ടറിയും

കേന്ദ്ര സെക്രട്ടറിയും ചേർന്ന് ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസിലൂടെ പ്രവർത്തന അവലോകനം നടത്തി.

iv. ഗ്രാമ വികസന കമ്മീഷണർ ഓരോ ഗ്രാമ പഞ്ചായത്തിനും ജില്ലാ തല ചുമതലക്കാരെ നിശ്ചയിച്ച് ഉത്തരവു നൽകി. പ്രസ്തുത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് പ്രവർത്തന പുരോഗതി അവലോകനം നടത്തി.

v. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടെ പ്രത്യേക അവലോകന യോഗം നടത്തിവരുന്നു.

vi. ബഹു. പഞ്ചായത്ത് സാമൂഹ്യ ക്ഷേമ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന തല ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി.

vii. ദുർഘടാവസ്ഥയുളള പഞ്ചായത്തുകളിൽ പ്രത്യേക നടപടികൾ സ്വീകരിച്ച് വ്യക്തിഗത കക്കൂസ്, പൊതു കക്കൂസ് സൗകര്യമൊരുക്കുന്നതിന് അനുകൂലമായ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു.

viii. തീരദേശ പഞ്ചായത്തായ കരുങ്കുളത്ത് ഫിഷറീസ് വകുപ്പിന്റെ പ്രത്യേക സഹായം സർക്കാർ തലത്തിൽ ഉറപ്പാക്കി.

ix. പ്രത്യേക വിവര വിജ്ഞാന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകി.

ബി) ഇതിനുവേണ്ടി പഞ്ചായത്തുകളിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനുദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ :

ബി) കേരളത്തെ സമ്പൂർണ നിർമ്മൽ സംസ്ഥാനമാക്കി മാറ്റുന്നതിന് പഞ്ചായത്തുകളിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

i. ഇനിയും നിർമൽ ഗ്രാമ പുരസ്കാരം ലഭ്യമാകേണ്ട 19 ഗ്രാമപഞ്ചായത്തുകളിലേയും എല്ലാ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം (ഗാർഹിക/പൊതു കക്കൂസുകൾ) ഒരുക്കുന്നതിന് നടപടി സ്വീകരിച്ചു. അതുപോലെ പ്രസ്തുത പഞ്ചായത്തുകളിലെ എല്ലാ അങ്കണവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ കക്കൂസ് സൗകര്യം ഒരുക്കുവാൻ നട

പടി സ്വീകരിച്ചിട്ടുണ്ട്. ഈ പഞ്ചായത്തുകളിലെ പരിസര ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടി സ്വീകരിച്ചു.

ii. ഇനിയും നിർമൽ ഗ്രാമ പുരസ്കാരം ലഭ്യമാകേണ്ട 33 ബ്ളോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലെ ഗ്രാമ പഞ്ചായത്തുകളിൽ മുൻ വർഷം സർവേ ടീം കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് തുറസ്സായ സ്ഥലത്ത് മല വിസർജ്ജനം ഒഴിവാക്കപ്പെടുന്നതിനും സ്കൂൾ അങ്കണവാടികളിൽ കക്കൂസ് സൗകര്യം ഉറപ്പാക്കുന്നതിനും പരിസര ശുചിത്വം പാലിക്കപ്പെടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

iii. സംസ്ഥാനത്താകെ എല്ലാ ഗ്രാമ, ബ്ളോക്ക് പഞ്ചായത്തുകളും നിർമൽ അവാർഡു നേടുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിന് മാർഗ നിർദ്ദേശങ്ങൾ നൽകുകയും അതിൻ പ്രകാരം നടപടികൾ സ്വീകരിച്ചു പോരുന്നുമുണ്ട്.

ജനങ്ങളുടെ മനോഭാവ രൂപീകരണത്തിന് വൈവിധ്യമാർന്ന വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും പരിശീലനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് വേണ്ടി ലഭിക്കുന്നത് എന്ന് വിശദമാക്കുമോ ?

സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ നിർമ്മൽ ഭാരത് അഭിയാൻ പ്രോജക്ടിന്റെ ഭാഗമായി ജില്ലകൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഫണ്ട് അതാത് ഘടകങ്ങൾക്ക് ചെലവഴിച്ചുകൊണ്ട് സംസ്ഥാനത്തിന് നിർമൽ പദവി ലഭ്യമാക്കുവാൻ കഴിയും. ഇക്കാര്യത്തിലേക്ക് കേന്ദ്രം പ്രത്യേക സഹായം അനുവദിക്കുന്നില്ല

സെക്ഷൻ ഓഫീസർ